# തേക്കിൻകാട് പൂത്തു

- പുഷ്പോത്സവം ഉദ്ഘാടനം ഇന്ന്
- വിദേശ ഇനങ്ങളും മേളയിൽ

**തൃശൂർ:** തേക്കിൻകാട്ടിലെ വസന്തോത്സവത്തിന് ശനിയാഴ്ച തുടക്കമാവും. തൃശൂർ അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 40-ാമത് തൃശൂർ പുഷ്പോത്സവം രാത്രി എട്ടിന് മന്ത്രി വി. എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. രാവിലെ ഒമ്പതോടെ പുഷ്പോത്സവത്തോടനുബന്ധിച്ചുള്ള വിവിധ മത്സരങ്ങൾ തുടങ്ങും. പ്രഫഷനൽ ഫ്ലവർ ഡെക്കറേഷൻ മത്സരം നടക്കും. 9.30ന് കേരള കാർഷിക സർവകലാശാല വിജ്ഞാപന വ്യാപന ഡയറക്ടറേറ്റിൽ മുഖാമുഖവും കാർഷിക ക്ലിനിക്കും ഉണ്ടാകും. 11ന് കള്ളിച്ചെടികൾ, ഡ്രിഫ്റ്റ് വുഡ്, പുഷ്പാലങ്കാരം എന്നിവയുടെ മത്സരവും നടക്കും. അന്താരാഷ്ട്ര നിലവാരമുള്ള നൂറിൽപരം ഓർക്കിഡുകളാണ് ഇത്തവണത്തെ താരങ്ങൾ. അപൂർവ വിദേശ ഇനം ചെടികളും മേളയിലുണ്ട്. 28 വരെ നടക്കുന്ന മേള കോർപറേഷൻ, ജില്ല പഞ്ചായത്ത്, കൊച്ചിൻ ദേവസ്വം ബോർഡ് , കേരള കാർഷിക സർവകലാശാല, കൃഷി വകുപ്പ്, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല എന്നിവയുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്.



പുഷ്പോത്സവത്തിനായി ഒരുങ്ങിയ തേക്കിൻകാട് മൈതാനം

Madhyamam 20.01.18